ഡോക്ടർമാരുടെ ജോലിസമയം

147(1635)ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററുകളിലേയും ഗവൺമെന്റ് ആശുപത്രികളിലേയും ഡോക്ടർമാരുടെ ജോലി സമയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും രോഗികൾക്ക് മുഴുവൻ സമയവും ചികിത്സാ സൗകര്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിൽ ഇല്ല.

(ബി) നിലവിലുള്ള പാറ്റേൺ അനുസരിച്ച് 30 കിടക്കകൾ വരെയുള്ള പി.എച്ച്.സി.കളിൽ ഒരു ഡോക്ടറുടെ തസ്തിക മാത്രമേ അനുവദനീയമായിട്ടുള്ളൂ.

(സി) കിടത്തി ചികിത്സ ഉള്ള ആശുപത്രികളിൽ എല്ലാം മുഴുവൻ സമയവും രോഗിക്ക് ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലെ എച്ച്.ഡി.സി.യുടെ പ്രവർത്തനം

148 (1636)ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്. ഡി.സി. മുഖാന്തിരം ഒരു മാസം ശരാശരി എന്തുതുക ലഭിക്കുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക ചെലവഴിക്കുന്നത് സംബന്ധിച്ചുള്ള നിബന്ധന എപ്രകാരമാണ്;

(സി) ഏതു വർഷം വരെയുള്ള കണക്കുകൾ ആഡിറ്റുചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആഡിറ്റിൽ എന്തൊക്കെ പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആഡിറ്റ് റിപ്പോർട്ടിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(എഫ്) ഒരു നടപടിയും കൈക്കൊള്ളാത്ത പക്ഷം കാരണമെന്തെന്നു വ്യക്തമാക്കുമോ;

(ജി) എച്ച്.ഡി.സി. പിരിച്ചെടുത്ത തുക ജീവനക്കാർക്ക് ശമ്പളം നൽകാൻ വിനിയോഗിക്കുന്നുണ്ടോ;

(എച്ച്) ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly